2024
MARCH
07
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## വെള്ളത്തിനടിയിലൂടെയുള്ള രാജ്യത്തെ ആദ്യ മെട്രോ ടണൽ ഉദ്ഘാടനം ചെയ്ത് പ്രധാനമന്ത്രി

**കൊൽക്കത്ത:** കൊൽക്കത്ത മെട്രോയുടെ ഭാഗമായി, മെട്രോ ട്രെയിൻ വെള്ളത്തിനടിയിലൂടെ കടന്നുപോകുന്നതിനായി നിർമിച്ച ഇന്ത്യയിലെ ആദ്യ അണ്ടർ വാട്ടർ മെട്രോ ടണൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഹൂഗ്ലി നദിയിൽ നിർമിച്ച 520 മീറ്റർ നീളമുള്ള ടണലാണ് പ്രധാനമന്ത്രി കൊൽക്കത്തയിൽ ഉദ്ഘാടനം ചെയ്തത്. തുടർന്ന് അദ്ദേഹം സ്കൂൾ വിദ്യാർഥികൾക്കൊപ്പം അണ്ടർ വാട്ടർ മെട്രോയിൽ യാത്ര ചെയ്തു. വിദ്യാർഥികളുമായി സംവദിച്ച പ്രധാനമന്ത്രി, മെട്രോ യാത്രയ്ക്കിടെ തൊട്ടടുത്ത ട്രാക്കിലൂടെ എത്തിയ മെട്രോ ട്രെയിനിലെ യാത്രക്കാരെ അഭിവാദ്യം ചെയ്തു. വെള്ളത്തിനടിയിലൂടെയുള്ള 520 മീറ്റർ ദൂരം 45 സെക്കൻഡ് കൊണ്ട് മെട്രോ ട്രെയിൻ പിന്നിടുമെന്നാണ് കണക്കുകൂട്ടൽ.

രാജ്യത്തിന്റെ വികസനക്കുതിപ്പിൽ പുതിയ നാഴികക്കല്ലാണ് കൊൽക്കത്ത മെട്രോയുടെ ഭാഗമായി നിർമിച്ച അണ്ടർ വാട്ടർ മെട്രോ ടണൽ. ഹൗറ മൈതാൻ മുതൽ എക്സ്പ്ലനേഡ് വരെ നീളുന്ന അണ്ടർവാട്ടർ മെട്രോ പാത ഈസ്റ്റ്‌വെസ്റ്റ് മെട്രോയുടെ ഭാഗമായാണ് നിർമിച്ചിരിക്കുന്നത്. ഈ പാതയിലൂടെ ദിവസേന ഏഴു ലക്ഷം യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്.

16.5 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ 10.8 കി.മീ. ഭാഗം ഭൂമിക്കടിയിലൂടെയാണ് നിർമിച്ചിരിക്കുന്നത്. ഇതിൽ 520 മീറ്റർ ദൂരമാണ് ഹൂഗ്ലി നദിക്കടിയിലൂടെ കടന്നുപോകുന്നത്.

## കേരളത്തിന് ആശ്വാസം

# 13,608 കോടി കടമെടുപ്പിന് അനുമതി നൽകി സുപ്രീംകോടതി

**ന്യൂഡൽഹി:** കടമെടുപ്പു പരിധി സംബന്ധിച്ച വിഷയം കോടതിയിൽ കീറാമുട്ടിയായതോടെ ഇന്നു വൈകിട്ടു വീണ്ടും ചർച്ച നടത്താൻ നിർദേശം. കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്നതു മനസ്സിൽ വയ്ക്കാതെ, ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന തുറന്ന ചർച്ചയ്ക്കാണ് കോടതി നിർദേശിച്ചത്. 13,608 കോടി രൂപ കടമെടുക്കാൻ കേരളത്തിനു അനുമതി നൽകിക്കൊണ്ട് ഉത്തരവിടുമെന്ന് സുപ്രീം കോടതി ഉത്തരവിൽ വ്യക്തമാക്കി. ബാക്കി കടമെടുപ്പു പരിധിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്താനാണ് കോടതി നിർദേശിച്ചത്.



വാദത്തിനിടെ കേന്ദ്ര സർക്കാർ പറയുന്ന 13,608 കോടി രൂപയുടെ കാര്യം അംഗീകരിച്ചുകൂടേയെന്നു കോടതി ആരാഞ്ഞു. ഇതു സ്വീകരിക്കാമെന്നു വ്യക്തമാക്കിയ കേരളം 15,000 കോടി രൂപ കൂടി വേണമെന്നാവശ്യപ്പെട്ടു. 26,000 കോടി രൂപ കടമെടുക്കാൻ ഇടക്കാല ഉത്തരവിലൂടെ അനുവദിക്കണമെന്നായിരുന്നു കേരളത്തിന്റെ ആവശ്യം.

കേന്ദ്രത്തിനും കേരളത്തിനുമിടയിൽ പരസ്പരവിശ്വാസം ഉണ്ടാകേണ്ടതുണ്ടെന്നും കോടതി വ്യക്തമാക്കി. വിഷയത്തിൽ രാഷ്ട്രീയ പ്രതികരണങ്ങൾ നടത്തരുതെന്ന് കേരളത്തിനോടു കോടതി നിർദേശിച്ചു. എന്നാൽ, കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും പ്രതികരണങ്ങൾ വരുന്നുണ്ടെന്നും ഉന്നത നേതൃത്വത്തിലുള്ളവരടക്കം ഈ വിഷയത്തിൽ പരസ്യ പ്രതികരണം നടത്തുന്നുണ്ടെന്നും കേരളത്തിനു വേണ്ടി കപിൽ സിബൽ ചൂണ്ടിക്കാട്ടി.

എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ നിയമമേ പറ്റൂവെന്നും കേരളം തങ്ങളുടെ ആവശ്യം ഉന്നയിക്കുകയും ഇതു നടപ്പായില്ലെങ്കിൽ മറ്റൊന്നുമില്ല എന്ന നിലയിലാണ് നിലപാട് എടുക്കുന്നതെന്നും കേന്ദ്ര സർക്കാർ വാദത്തിനിടെ ആരോപിച്ചു. കടമെടുക്കലിന്റെ ഭാഗമായി അധികനികുതിയും മറ്റും കൂട്ടി ജനങ്ങളെ പിഴിയുമോയെന്ന ആശങ്ക നിലവിലുണ്ട്. കടമെടുക്കാൻ അനുമതി നൽകണം എന്നതാണ് ആവശ്യം. ഒരുകാലത്ത് 98 ശതമാനം വരെ കടമെടുപ്പിനായിരുന്നു കേന്ദ്രത്തെ ആശ്രയിച്ചത്. ഇപ്പോൾ 3 ശതമാനത്തിൽ താഴെ മാത്രമാണ് ആവശ്യമുന്നയിക്കുന്നത്. സ്വയംഭരണ സ്ഥാപനങ്ങളുടെ കടവും സംസ്ഥാനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയാണെന്നും കേരളം ചൂണ്ടിക്കാട്ടി. 12,000 കോടി രൂപ സമാഹരിക്കാൻ കേന്ദ്രം അനുവദിക്കുന്നില്ലെന്നും കേരളം വ്യക്തമാക്കി.

# കൊച്ചി മെട്രോ രാജനഗരിയിലേക്ക്; നാടിന് സമർപ്പിച്ച് പ്രധാനമന്ത്രി

**കൊച്ചി:** കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിലെ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ ടെർമിനൽ പ്രധാനമന്ത്രി ശ്രീ.നരേന്ദ്ര മോദി നാടിന് സമർപ്പിച്ചു. കൽക്കത്തയിൽ നിന്ന് ഓൺലൈനായാണ് പ്രധാനമന്ത്രി തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനിൽ നിന്ന് ആദ്യ ട്രെയിൻ ഗംഗ ഫ് ളാഗ് ഓഫ് ചെയ്തത്. ഭിന്നശേഷിയുള്ള 105 കുട്ടികൾ ആദ്യ ട്രെയിനിൽ യാത്ര ചെയ്തു.തൃപ്പൂണിത്തുറ സ്റ്റേഷനിൽ നിന്ന് പാർലമെന്റ് അംഗം ഹൈബി ഈഡൻ , മന്ത്രി പി.രാജീവ്, കെ.ബാബു എംഎൽഎ, കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ, ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ്, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ രമാ സന്തോഷ്, ടോം ജോസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



ആലുവ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ 75 രൂപയാണ് അംഗീകൃത ടിക്കറ്റ് നിരക്ക്. ഉദ്ഘാടനത്തോടനുബന്ധിച്ച് നിലവിൽ ആലുവയിൽ നിന്ന് എസ്.എൻ ജംഗ്ഷനിലേക്കുള്ള യാത്രാ നിരക്കായ 60 രൂപ കൊച്ചി മെട്രോ ഒരു സ്റ്റേഷൻ തൃപ്പൂണിത്തുറയിലേക്ക് എത്തുമ്പോഴും മാറ്റമില്ലാതെ തുടരും. 15 രൂപ ഇളവോടെ ആലുവയിൽ നിന്ന് തൃപ്പൂണിത്തുറ സ്റ്റേഷനിലേക്കുള്ള ടിക്കറ്റ് നിരക്ക് 60 രൂപയായിരിക്കും.

1.35 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ആദ്യ ഘട്ടത്തിലെ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ സ്റ്റേഷൻ ഒരുങ്ങുന്നത്. ഇതിൽ 40,000 ചതുരശ്ര അടി ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുകയാണ്. ഓപ്പൺ വെബ് ഗിർഡർ സാങ്കേതിക വിദ്യ കൊച്ചി മെട്രോയിൽ ആദ്യമായി ഉപയോഗിച്ചത് എസ്.എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ സ്റ്റേഷനുകൾക്കിടയിലെ 60 മീറ്റർ മേഖലയിലാണ്. എസ് എൻ ജംഗ്ഷൻ സ്റ്റേഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷൻ വരെ 1.16 കിലോമീറ്റർ ദൂരമാണ് ഫേസ് 1 ബി.





കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് കലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കലൂർ ദേശാഭിമാനി ജംഗ്ഷനിൽ ആരംഭിച്ച ദാഹജല വിതരണത്തിന്റെ ഉദ്ഘാടനം കെ.വി.വി.ഇ.എസ് കലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എ.നാദിർഷാ നിർവ്വഹിക്കുന്നു.

# കെ.വി.വി.ഇ.എസ് യൂത്ത് വിംഗ്: ദാഹജല വിതരണം തുടങ്ങി

**കൊച്ചി;** കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് കലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കലൂർ ദേശാഭിമാനി ജംഗ്ഷനിൽ ദാഹജല വിതരണം തുടങ്ങി. യൂത്ത് വിംഗ് യൂണിറ്റ് പ്രസിഡന്റ് എസ്.എസ് സനോജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ദാഹജല വിതരണത്തിന്റെ ഉദ്ഘാടനം കെ.വി.വി.ഇ.എസ് കലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എ.നാദിർഷാ നിർവ്വഹിച്ചു. യൂത്ത് വിംഗ് ജനറൽ സെക്രട്ടറി ജംഷീർ വി, ട്രഷറർ ഷിഹാബ് വി എ, യൂണിറ്റ് ജന: സെക്രട്ടറി കെ സി അനസ്, ട്രഷറർ സജി സ്റ്റാൻലി, നടരാജൻ കലൂർ, റഹീം കൈപ്പള്ളി, അനസ് ഉസ്മാൻ, അലൻ കലൂർ, ഒ.എ സത്താർ, ഒ.എ അബ്ദുൽ കാദർ,ഷിബി നാദിർഷ, സുൽഫത്ത് വി, അൻസാർ ടിബി, ആശ നന്ദൻ, ഒ.എ അഷറഫ്, സംഗീത റെനീഷ് തുടങ്ങിയവർ പങ്കെടുത്തു. ദാഹജല വിതരണം ഒരാഴ്ച്ച നീണ്ടുനിൽക്കും.

## ഇന്ത്യയിലെ ആദ്യ കാൾഗസ്താഫ് റൈഫിൾ പ്ലാന്റ് റിലയൻസ് മെറ്റ് സിറ്റിയിൽ

**കൊച്ചി/മുംബൈ:**റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ മെറ്റ് സിറ്റിയിൽ സ്വീഡനിൽ നിന്നുള്ള സാബ് കമ്പനി കാൾഗസ്താഫ് റൈഫിൾ ആയുധ സിസ്റ്റത്തിന്റെ ഇന്ത്യയിലെ ആദ്യ നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുമെന്ന് റിലയൻസ് അറിയിച്ചു. ഹരിയാനയിൽ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി ഇരു കമ്പനികളും തമ്മിൽ കരാർ ഒപ്പുവച്ചു. പ്രതിരോധ നിർമ്മാണത്തിൽ ഇന്ത്യയിലെ ആദ്യത്തെ 100% വിദേശത്തു നിന്നുള്ള നേരിട്ടുള്ള നിക്ഷേപമാണിത് (എഫ്ഡിഐ).

പ്രതിരോധ സാങ്കേതികവിദ്യകളിൽ ഇന്ത്യയെ സ്വയം പര്യാപ്തമാക്കുന്നതിൽ ഇതിലൂടെ ഒരു പുതിയ അധ്യായം ആരംഭിക്കും. സ്വീഡൻ കേന്ദ്രീകൃതമായ പ്രതിരോധ ഉൽപ്പന്ന നിർമാണ കമ്പനിയാണ് സാബ്. ഇന്ത്യയുമായി നിലവിലുള്ള ബന്ധത്തിന്റെ തുടർച്ചയാണ് പുതിയ നിർമാണ പ്ലാന്റ്.റിലയൻസ് മെറ്റ് സിറ്റിയിൽ 9 രാജ്യങ്ങളിൽ നിന്നുള്ള കമ്പനികളുണ്ട്. ഉത്തരേന്ത്യയിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ബിസിനസ്സ് ഹബ്ബുകളിലൊന്നായ ഇവിടെ, പ്രതിരോധം, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, ഓട്ടോ കമ്പോണന്റ്സ്, മെഡിക്കൽ ഉപകരണങ്ങൾ, എഫ്എംസിജി, പാദരക്ഷകൾ, പ്ലാസ്റ്റിക്, ഉപഭോക്തൃ ഉൽപന്നങ്ങൾ തുടങ്ങി നിരവധി വ്യവസായങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ ഐജിബിസി പ്ലാറ്റിനം റേറ്റഡ് ഇന്റഗ്രേറ്റഡ് സ്മാർട്ട് സിറ്റികളിലൊന്നാണിത്. ഇലക്ട്രോണിക്സ് മുതൽ ഓട്ടോകമ്പോണന്റ്സ് മുതൽ മെഡിക്കൽ ഉപകരണ മേഖലകൾ വരെയുള്ള 6 ജാപ്പനീസ് കമ്പനികളെ ഉൾക്കൊള്ളുന്ന മെറ്റ്, ഹരിയാനയിലെ ഏക ജപ്പാൻ ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് (ജെഐടി) കൂടെയാണ്.

## കെ എം എ സസ്റ്റയ്നബിലിറ്റി സമ്മിറ്റ് ഇന്ന്

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ സസ്റ്റയ്നബിലിറ്റി സമ്മിറ്റും അവാർഡ്സ് നൈറ്റും മാർച്ച് ഏഴാം തിയ്യതി വൈകിട്ട് നാലരയ്ക്ക് ഗോകുലം കൺവെൻഷൻ സെന്ററിൽ നടക്കും. മുൻ കേന്ദ്ര മന്ത്രി എം.ജെ അക്ബർ ഉദ്ഘാടനം ചെയ്യും.ജിയോജിത് ഫിനാൻഷ്യൽ സർവീസസ് മാനേജിംഗ് ഡയറക്ടർ സി ജെ ജോർജ്ജ്, മീരാൻ ഗ്രൂപ്പ് ചെയർമാൻ നവാസ് മീരാൻ, മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് സിഎംഡി തോമസ് ജോൺ മുത്തൂറ്റ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് ജോ. മാനേജിംഗ് ഡയറക്ടർ അജു ജേക്കബ്, സിഎൽ ടി ഇന്ത്യ സിഇഒ നിക്സൺ ജോസഫ്, എക്സ് എൽ ആർ ഐ പ്രൊഫ. കല്യാൺ ഭാസ്ക്കർ എന്നിവർ പ്രഭാഷണം നടത്തും. 2024 ലെ സി എസ് ആർ, ഇ എസ് ജി, എൻ ജി ഒ അവാർഡുകൾ കേരളത്തിൽ നിന്നുള്ള സ്ഥാപനങ്ങൾക്ക് സമ്മിറ്റിനോടനുബന്ധിച്ചുള്ള അവാർഡ് ദാന ചടങ്ങിൽ സമ്മാനിക്കുമെന്ന് കെ എം എ പ്രസിഡൻറ് എ.ബാലകൃഷ്ണൻ, സെക്രട്ടറി ദിലീപ് നാരായണൻ എന്നിവർ അറിയിച്ചു. പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9072775588 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.




# മെഡ്‌ലേഡി പദ്ധതിയുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** വനിതകളുടെ പ്രത്യേക ചികിത്സാ ആവശ്യങ്ങൾക്കായി വനിതാദിനത്തോടനുബന്ധിച്ച് "മെഡ്‌ലേഡി" എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ച് ആസ്റ്റർ മെഡ്സിറ്റി. സംരംഭകയും കണ്ടന്റ് ക്രിയേറ്ററുമായ ഡോ. ആൽഡ ഡേവിസ് പരിപാടി ഉദ്ഘാടനം ചെയ്തു. തിരക്കേറിയ ഇന്നത്തെ ലോകത്ത് കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടെയും ആരോഗ്യകാര്യത്തിൽ പ്രത്യേക ശ്രദ്ധനൽകുന്ന സ്ത്രീകൾ അവരുടെ സ്വന്തം ആരോഗ്യവും സൗഖ്യവും പലപ്പോഴും അവഗണിക്കുന്നു. സ്ത്രീകളിൽ പല ആരോഗ്യപ്രശ്നനങ്ങളും കൂടുതലായി കണ്ടുവരുന്നുണ്ടെങ്കിലും മിക്ക ലക്ഷണങ്ങളും അവഗണിക്കപ്പെടുന്നത് ആശങ്കയാണ്.

സമൂഹത്തിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ കാഴ്ചപ്പാടുകളും മാനഭയവും ഇതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. കൃത്യസമയത്ത് ചികിത്സ തേടുന്നതിൽ നിന്ന് സ്ത്രീകളെ പിന്തിരിപ്പിക്കുന്ന പല ഘടകങ്ങളുമുണ്ട്. ഈ വെല്ലുവിളികൾ പരിഹരിക്കാനുള്ള ഉദ്യമത്തിനാണ് ആസ്റ്റർ മെഡ്സിറ്റി തുടക്കമിട്ടിരിക്കുന്നത്.

ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും വനിതാഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്ന പദ്ധതിയാണിത്.മടിയില്ലാതെ ആരോഗ്യപ്രശ്നങ്ങൾ ഡോക്ടർമാരോട് തുറന്നുപറയാൻ സ്ത്രീകളെ സഹായിക്കുന്ന അന്തരീക്ഷമുണ്ടാക്കിയെടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണിതെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ പറഞ്ഞു. സ്ത്രീകൾക്കും അവരുടെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാനുള്ള അവസരങ്ങൾ ശക്തിപ്പെടുത്താനാണ് ലക്ഷ്യം.

ജനറൽ സർജറി കൺസൽട്ടന്റ് ഡോ. സൗമ്യ ജോൺ, പ്രസവചികിത്സാ, ഗൈനക്കോളജി വിഭാഗത്തിലെ ഡോ. ടീന ആൻ ജോയ്, ശ്വാസകോശരോഗവിഭാഗത്തിലെ ഡോ. എലിസബത്ത് സുനില സിഎക്സ്, ഹൃദ്രോഗവിഭാഗത്തിലെ ഡോ. ടെഫി ജോസ്, നഴ്സിംഗ് മേധാവി തങ്കം രാജരത്തിനം, ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ എന്നിവരും മറ്റ് ആശുപത്രി ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു. താജ് വിവാന്തയിൽ നടന്ന കൊച്ചി മെർകാറ്റോയുടെ ഏഴാം പതിപ്പിനോട് അനുബന്ധിച്ചായിരുന്നു പരിപാടിയുടെ ഉദ്ഘാടനം.

# ഭവനനിർമ്മാണ സബ്സിഡി പദ്ധതി തോട്ടം മേഖലയുമായി വ്യവസായമന്ത്രി ചർച്ച നടത്തി

**കൊച്ചി:** തോട്ടമേഖലയ്ക്കായി നടപ്പാക്കുന്ന ഭവനനിർമ്മാണ സബ്സിഡി പദ്ധതി പ്ലാന്റേഷൻ ഡയറക്ടറേറ്റ് വഴി നടപ്പാക്കുമെന്ന് വ്യവസായകയർനിയമമന്ത്രി പി രാജീവ് പറഞ്ഞു. ഇതിനായി നടപ്പു സാമ്പത്തിക വർഷം പത്തു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് തോട്ടം ഉടമകളുമായി നടത്തിയ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.




തോട്ടംമേഖലയിലെ ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്ന തോട്ടം ഉടമകൾക്ക് സബ്സിഡി നൽകുന്നതിനുള്ള കരട് പദ്ധതി തയ്യാറായിട്ടുണ്ട്. ഇത് തോട്ടം ഉടമകളുമായി ചർച്ച ചെയ്യുന്നതിനു വേണ്ടിയാണ് മന്ത്രിയുടെ അധ്യക്ഷതയിൽ വ്യവസായ വകുപ്പ് സെക്രട്ടറി, പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട യോഗം വിളിച്ചത്.യോഗത്തിലെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് പദ്ധതി സംബന്ധിച്ച ഉത്തരവ് ജൂൺ മാസത്തിൽ ഇറക്കാനാവുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.തോട്ടം മേഖലയിൽ അഞ്ച് ശതമാനം ഭൂമിയിൽ ഇതര കൃഷിയും ടൂറിസം പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള അനുമതിയ്ക്കായി ഏകജാലക സംവിധാനം ജൂണിൽ നടപ്പിൽ വരും. കാർഷികവിളകൾ, ഔഷധ കൃഷി, ഫലവൃക്ഷ കൃഷി, പുഷ്പ കൃഷി തുടങ്ങിയവയ്ക്ക് നിലവിലെ സാഹചര്യത്തിൽ അനുമതി ലഭിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാണ് ഏകജാലക സംവിധാനം നടപ്പാക്കുന്നത്.തോട്ടം മേഖലയിലെ വിവിധ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിന് റവന്യൂ വനംവ്യവസായവകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തിയുള്ള സമിതി തോട്ടമുടമകളുമായി ചർച്ച നടത്തും. തോട്ടം മേഖലയിലെ പ്രശ്നങ്ങളെയും സാധ്യതകളെയും കുറിച്ച് പഠിക്കുന്ന ഐഐഎം കോഴിക്കോടിൻറെ റിപ്പോർട്ട് വരുന്ന മുറയ്ക്ക് സമഗ്രനയം സർക്കാർ പുറത്തിറക്കുമെന്നും പി രാജീവ് പറഞ്ഞു.തോട്ടം ഭൂമി വിഘടിച്ചു പോകുന്ന സാഹചര്യത്തെ ഗൗരവമായി കാണണമെന്ന് വ്യവസായ സെക്രട്ടറി ബിജു പ്രഭാകർ പറഞ്ഞു. തോട്ടം മേഖലയിലെ വിവിധ പങ്കാളികളുടെ താത്പര്യം സംരക്ഷിക്കണം. കാപ്പികൃഷിയ്ക്ക് തോട്ടം മേഖല കൂടുതൽ പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.നടപ്പു സാമ്പത്തികവർഷത്തിൽ തോട്ടം മേഖലയ്ക്കായി സർക്കാർ മൂന്ന് പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യവസായവകുപ്പ് ഡയറക്ടറും പ്ലാന്റേഷൻ വകുപ്പ് സ്പെഷ്യൽ ഓഫീസറുമായ എസ് ഹരികിഷോർ പറഞ്ഞു. തോട്ടം മേഖലയ്ക്കുള്ള സഹായം, ഇൻഷുറൻസ്, വിപണി പിന്തുണ എന്നിവയാണ് സർക്കാർ നൽകുന്നത്. തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിൽ സർക്കാർ പ്രതിബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.തോട്ടം മേഖലയിലെ പാർപ്പിട പദ്ധതികൾക്കായി ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷ നൽകേണ്ടതിൻറെ വിശദാംശങ്ങൾ പ്ലാൻറേഷൻ ഡയറക്ടറേറ്റ് അഡി. ഡയറക്ടർ കെ എസ് കൃപകുമാർ വിശദീകരിച്ചു. പ്ലാൻറേഷൻ വകുപ്പ് ഡെ. ഡയറക്ടർ ജോസ് തോമസ് നന്ദി അറിയിച്ചു.



# സ്റ്റാർട്ടപ്പുകളുടെ അന്തർ സംസ്ഥാന സഹകരണം പ്രോത്സാഹിപ്പിക്കണം: സ്കെയിൽ അപ് കോൺക്ലേവ്

**കൊച്ചി:** സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് അന്തർ സംസ്ഥാന തലത്തിൽ സ്റ്റാർട്ടപ്പുകൾ തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്ന സംവിധാനം രാജ്യത്തിന് ആവശ്യമാണെന്ന് വിദഗ്ധർ. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ സംഘടിപ്പിച്ച കേരള സ്കെയിൽ അപ് കോൺക്ലേവ് 2024 പരിപാടിയിലാണ് ഈ അഭിപ്രായമുയർന്നത്.പുതിയ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി ഫണ്ട് വിതരണം ചെയ്യുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരു വ്യവസ്ഥ ഉണ്ടായിരിക്കണമെന്നും അവർ അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സർക്കാർ സംരംഭമാണ് സ്കെയിൽ അപ് കോൺക്ലേവ്.കമ്പനികൾ സുസ്ഥിര വളർച്ച നിലനിർത്തുന്നതിന് നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായി പാലിക്കണമെന്ന് പാനൽ ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

സംസ്ഥാനത്തെ സ്കെയിൽ അപ്പ് പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് കാഴ്ചപ്പാടുകൾ ശേഖരിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന് മികച്ച പിന്തുണ നൽകുന്നതിനും സംസ്ഥാന സർക്കാരിൻറെ പുതിയ വ്യാവസായിക നയത്തിൽ പ്രഖ്യാപിച്ച ഇൻസെൻറീവ് സ്കീമുകൾ പ്രയോജനപ്പെടുത്തുന്നതിനും കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനുമാണ് പ്രധാനമായും കോൺക്ലേവ് സംഘടിപ്പിച്ചത്.അന്താരാഷ്ട്ര തലത്തിലുള്ള സഹകരണം സാധ്യമാക്കുന്ന വിധത്തിൽ ഇന്ത്യയിലെ സ്റ്റാർട്ടപ്പുകൾ വളർന്നിട്ടുണ്ടെങ്കിലും ആഭ്യന്തര തലത്തിലും ഒരേസമയം സഹകരണം സാധ്യമാക്കാൻ കഴിയണമെന്ന് തെലങ്കാന ഗവൺമെൻറ് ഇന്നോവേഷൻ ആൻഡ് സിഎസ്ആർ മേധാവി അക്ഷിത കാന്തല പറഞ്ഞു. കേരള ത്തിലെ സ്റ്റാർട്ടപ്പ് സ്കെയിൽ അപ് ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ എന്ന വിഷയത്തിൽ നടന്ന സെഷനിൽ സംസാരിക്കുകയായിരുന്നു അവർ. കാലിക്കറ്റ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ചെയർമാൻ അജയൻ കാവുങ്കൽ ആനാട്ട് ചർച്ചയിൽ മോഡറേറ്ററായിരുന്നു.ലോകത്തിലെ തന്നെ ആദ്യത്തെ റോബോട്ടിക് മാൻഹോൾ ക്ലീനറിലൂടെ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നവീന ആശയം കണ്ടെത്തിയ സ്റ്റാർട്ടപ്പാണ് കേരളത്തിൻറെ ജൻറോബോട്ടിക്സ് എന്ന് ആന്ധ്രാപ്രദേശ് ഇന്നൊവേഷൻ സൊസൈറ്റി ജോയിൻറ് ഡയറക്ടർ സിംഗമാല ശ്രീധർ പറഞ്ഞു.

ഇതിലൂടെ മനുഷ്യർ മാൻഹോളിൽ ഇറങ്ങുന്നത് ഘട്ടംഘട്ടമായി നിർത്തലാക്കാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ട അവർ കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ മതിപ്പ് രേഖപ്പെടുത്തി.ഏതൊരു സ്റ്റാർട്ടപ്പും വിശ്വസനീയത ആർജ്ജിക്കേണ്ടത് പരമപ്രധാനമാണെന്ന് ചെന്നൈ ബ്രൗൺഡവ് ഹെൽത്ത് കെയർ പ്രൈവറ്റ് സിമിറ്റഡ് ഡയറക്ടർ സത്യ നാരായൺ പറഞ്ഞു. ഒരു ഉത്പന്നം നിർമ്മിക്കുമ്പോൾ അതിന് വിപണിയും ആവശ്യക്കാരും ഉണ്ടെന്ന് ഉറപ്പാക്കണമെന്നും മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യരുതെന്നും അദ്ദേഹം പറഞ്ഞു.വളർച്ച പ്രാപിച്ച് കൊണ്ടിരിക്കുന്ന കമ്പനികൾക്ക് സാമ്പത്തിക സ്രോതസ്സുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റികൾക്കപ്പുറം സഹായഹസ്തങ്ങൾ ആവശ്യമാണെന്ന് വർസ്യ സ്ഥാപകൻ നിതീഷ് സുന്ദരേശൻ അഭിപ്രായപ്പെട്ടു. കമ്മിറ്റികൾ മാസത്തിലൊരിക്കലാണ് യോഗം ചേരുന്നത്. സ്റ്റാർട്ടപ്പുകൾക്ക് ഫണ്ട് ലഭിക്കുന്നതിന് 40 ദിവസത്തോളം കാത്തിരിക്കേണ്ടി വരുന്നു. ഈ പ്രക്രിയ വേഗത്തിലാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഐടി മേഖലഖകൾക്ക് പുറമേ ലൈഫ് സയൻസ്, കാലാവസ്ഥാ വ്യതിയാനം, ഉത്പാദനം തുടങ്ങിയ രംഗങ്ങളിലേക്കും സ്റ്റാർട്ടപ്പുകൾ വ്യാപകമായതിൽ അദ്ദേഹം മതിപ്പ് പ്രകടിപ്പിച്ചു.തങ്ങളുടെ ഉത്പന്നങ്ങൾ മികച്ച ഘട്ടത്തിലെത്തുമ്പോൾ അധികം സമയം പാഴാക്കാതെ സ്റ്റാർട്ടപ്പുകൾ വിപണിയിൽ പ്രവേശിക്കണമെന്ന് കേരള എഞ്ചൽ നെറ്റ് വർക്കിലെ നവാസ് മീരാൻ അഭിപ്രായപ്പെട്ടു വിപണിയുടെ രീതികൾക്കനുസരിച്ച് തിരുത്തലുകൾ വരുത്താമെന്നും അദ്ദേഹം പറഞ്ഞു. അതിവേഗം ചലിക്കുക എന്നതായിരിക്കണം മുദ്രാവാക്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേരളത്തിലെ സമൃദ്ധമായ അവസരങ്ങളെ പറ്റി വ്യവസായനോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സമുൻ ബില്ല പവർ പോയിൻറ് അവതരണം നടത്തി. സംസ്ഥാനത്തെ മികച്ച പത്ത് സ്റ്റാർട്ടപ്പ് തൊഴിലുടമകളുടെ വിജയകഥ പ്രതിപാദിക്കുന്ന മൈ ജേർണി എന്ന സെഷനും സംഘടിപ്പിച്ചിരുന്നു. വളർന്നു വരുന്ന കമ്പനികൾക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ ലഭ്യമാക്കാൻ സാധിച്ചതായി കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടർ എസ് ഹരികിഷോർ പറഞ്ഞു. തിങ്കളാഴ്ച കോൺക്ലേവ് സമാപിച്ചു.നിർമ്മിത ബുദ്ധി, സാസ്, ഹെൽത്ത്ടെക്, ഫിൻടെക്, ഉത്പന്ന നിർമ്മാണം എന്നിവയടക്കം 14 ജില്ലകളിലായി 5000 ത്തലധികം സ്റ്റാർട്ടപ്പുകൾ കേരളത്തിലുണ്ട്. വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നായി 3,000 കോടിയോളം രൂപയുടെ നിക്ഷേപം സ്റ്റാർട്ടപ്പുകൾക്ക് സമാഹരിക്കാനായി.

# ഫിൻകെയർ സ്മോൾ ഫിനാൻസ് എയു സ്മോൾ ഫിനാൻസ് ബാങ്കുകളുടെ ലയനത്തിന് റിസർവ് ബാങ്ക് അനുമതി

**കൊച്ചി:** ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കും എയു സ്മോൾ ഫിനാൻസ് ബാങ്കും തമ്മിലുള്ള ലയനത്തിന് റിസർവ് ബാങ്ക് അനുമതി നൽകി. സ്റ്റോക്ക് മേർജറിന് ശേഷം ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കിൻറെ ഓഹരി ഉടമകൾക്ക് കൈവശമുള്ള ഓരോ 2000 ഓഹരികൾക്കും എയു സ്മോൾ ഫിനാൻസ് ബാങ്കിൻറെ 579 ഓഹരികൾ വീതം ലഭിക്കും. വിവിധ പ്രദേശങ്ങളിലുള്ള സാന്നിധ്യം, അവതരിപ്പിക്കുന്ന പദ്ധതികൾ എന്നിവ പ്രയോജനപ്പെടുത്തി രാജ്യ വ്യാപകമായുള്ള സേവനങ്ങൾ ലഭ്യമാക്കാൻ ലയനം സഹായകമാകും. ഇന്ത്യൻ ബാങ്കിങ് മേഖലയിലെ ഒരു നാഴികക്കല്ലാവുന്ന ഈ ലയനം വഴി സംയുക്തമായി ഒരു കോടിയിലേറെ ഉപഭോക്താക്കൾ, 43,500 ൽ ഏറെ ജീവനക്കാർ, 25 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 2350 ടച്ച് പോയിൻറുകൾ എന്നിവയാകും ഉണ്ടാകുക. 2023 ഡിസംബർ 31ലെ കണക്കുകൾ പ്രകാരം 89,854 കോടി രൂപയുടെ നിക്ഷേപവും 1,16,695 കോടി രൂപയുടെ ബാലൻസ് ഷീറ്റുമാണുള്ളത്.2023 ഒക്ടോബർ 29ന് ഇരു ബാങ്കുകളുടേയും ഡയറക്ടർ ബോർഡുകളും നവംബർ 24നും നവംബർ 27നും ഓഹരി ഉടമകളും ലയനത്തിന അംഗീകാരം നൽകിയിരുന്നു. റിസർവ് ബാങ്ക് അംഗീകാരത്തോടെ 2024 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തോടെ ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്ക് എയു സ്മോൾ ഫിനാൻസ് ബാങ്കിൽ ലയിക്കും.തങ്ങളുടെ ഉപഭോക്താക്കൾക്കും എല്ലാ പങ്കാളികൾക്കും മെച്ചപ്പെട്ട മൂല്യവും സേവനവും നൽകുന്നതിന് പ്രതിജ്ഞാബദ്ധരാണെന്ന് എയു സ്മോൾ ഫിനാൻസ് ബാങ്കിൻറെ സ്ഥാപകനും എംഡിയും സിഇഒയുമായ സഞ്ജയ് അഗർവാൾ പറഞ്ഞു.എയു സ്മോൾ ഫിനാൻസ് ബാങ്കുയുമായുള്ള ലയനം തങ്ങളുടെ സ്ഥാപനത്തിന് ഒരു പുതിയ അധ്യായമാണ്. വ്യവസായത്തിൽ മുൻനിരയിലുള്ള വളർച്ചയ്ക്കും ലാഭത്തിനും പേരുകേട്ട രണ്ട് ബാങ്കുകൾ തമ്മിലുള്ള മികച്ച മാറ്റത്തിനുള്ള ലയനമാണിതെന്ന് ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കിൻറെ എംഡിയും സിഇഒയും രാജീവ് യാദവ് പറഞ്ഞു.



# ഫിൻബുക്ക് ഗ്ലോബൽ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ഫെഡറൽ ബാങ്ക് മുൻ ചെയർമാൻ കെ പി പത്മകുമാർ എ ആർ എം ഫിൻബുക്ക് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് ഉദ്ഘാടനം ചെയ്തു. ലോ ആന്റ് ലോയേഴ്സ് സോളിസിറ്റേഴ്സ് മാനേജിംഗ് ഡയറക്ടർ അഡ്വ. ഫ്രാൻസിസ് മാത്യു അധ്യക്ഷത വഹിച്ചു.ഫിനാൻസ്, അക്കൗണ്ടിംഗ് മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റേയും സാങ്കേതിക വിദ്യയുടേയും പ്രാധാന്യം കെ പി പത്മകുമാർ ഊന്നിപ്പറഞ്ഞു.ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ഒരു സംഘമാണ് ഫിൻബുക്ക് ഗ്ലോബലിന് പിന്നിൽ പ്രവർത്തിക്കുന്നത്. കൊച്ചി ആസ്ഥാനമായ ഫിനാൻസ്, അക്കൗണ്ടിംഗ് ഔട്ട്സോഴ്സിംഗ് സ്റ്റാർട്ടപ്പാണ് ഫിൻബുക്ക് ഗ്ലോബൽ. ബുക്ക് കീപ്പിംഗ്, അക്കൗണ്ടിംഗ്, സി എഫ് ഒ സേവനങ്ങൾ എന്നിവയിലാണ് കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഡാറ്റ സുരക്ഷയ്ക്കയ്ക്കും നിയമങ്ങൾക്കും മുൻഗണനന നൽകുന് കമ്പനി ക്ലയന്റ് ഇന്റർഫേസിനും ഓട്ടോമേഷനുമുള്ള നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗവും അടയാളപ്പെടുത്തുന്നു.

# ലാവാ ഇന്റർനാഷണൽ ബ്ലേസ് കർവ് 5ജി അവതരിപ്പിച്ചു




**കൊച്ചി** :ഇന്ത്യയിലെ മുൻനിര സ്മാർട്ട് ഫോൺ ബ്രാൻഡായ ലാവ ഇന്റർനാഷണൽ, സ്മാർട്ട്ഫോൺ ബ്ലേസ് കർവ് 5ഏ അവതരിപ്പിച്ചു. മിഡ് റേഞ്ച് സ്മാർട്ട്ഫോൺ ആയ ബ്ലേസ് കർവ് സെഗ്മെന്റിലെ മികച്ച 8ജിബി റാം, 128ജിബി /256ജിബി ഇന്റേണൽ സ്റ്റോറേജ് എന്നിവയുണ്ട്.ലാവ ബ്ലേസ് കർവ് 5ഏ 17,999/ രൂപ മുതൽ ലാവ ഇസ്റ്റോർ,ആമസോൺ ലാവ റീട്ടെയിൽ നെറ്റ്വർക്കിൽ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# പുതിയ ശേഖരവുമായി പ്ലാറ്റിനം ഇവാരാ



**കൊച്ചി :** ഈ വർഷം പ്ലാറ്റിനം ഇവാരാ പ്രത്യേക പ്ലാറ്റിനം കളക്ഷനുകൾ വിപണിയൽ അവതരിപ്പിച്ചു . പരമ്പരാഗത ഡി സൈനുകളുടെ ആധുനിക പതിപ്പുകൾ,സ്ത്രീകൾക്കായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ ലഭ്യമാകും. പ്രത്യേകതരം പെൻഡന്റുകൾ, കമ്മലുകൾ, നെക്ലേസുകൾ തുടങ്ങി തയ്യാറാക്കിയിരിക്കുന്നു.ഈ സീസണിലെ ഏറ്റവും പുതിയ പ്ലാറ്റിനം ഇവാരാ ശേഖരം ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി റീട്ടെയിൽ സ്റ്റോറുകളിൽ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു

# ഹിൽറ്റൺ മെറ്റൽ ഫോർജിങിന് ലാഭ വർധന




**കൊച്ചി:** സ്റ്റീൽ ഫോർജിങ് വ്യവസായ രംഗത്തെ മുൻനിര കമ്പനിയായ ഹിൽറ്റൺ മെറ്റൽ ഫോർജിങ് ലിമിറ്റഡിന് മികച്ച ലാഭം. ഈ സാമ്പത്തിക വർഷം ഒമ്പതു മാസങ്ങളിലെ അറ്റാദായത്തിൽ 82 ശതമാനം വർധന രേഖപ്പെടുത്തി. മുൻ വർഷത്തെ 3.37 കോടി രൂപയിൽ നിന്ന് 6.14 കോടി രൂപയിലെത്തി. കമ്പനിയുടെ മൊത്ത വരുമാനം 41 ശതമാനം വളർച്ചയോടെ 105.34 കോടി രൂപയിലെത്തി. മുൻ വർഷം ഇത് 74.48 കോടി രൂപയായിരുന്നു. 2023 ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ 2.11 കോടി രൂപ അറ്റാദായവും, 42 കോടി രൂപ മൊത്ത വരുമാനവും നേടി. റെയിൽവേ വാഗൺ വീൽ നിർമ്മാണമാണ് കമ്പനി ലക്ഷ്യമിടുന്ന പ്രധാന ബിസിനസ്. പ്രതിവർഷം 4800 വീലുകൾ നിർമ്മിക്കാൻ ശേഷിയുള്ള പ്ലാന്റ് കമ്പനി ഒരുക്കിയിട്ടുണ്ട്.

# ഗിരീഷിന്റെ പോരാട്ടത്തിന് ഇനി ഗിന്നസ് തിളക്കം

**കൊച്ചി:** ഗിരീഷിന്റെ പോരാട്ടത്തിന് ഇന്ത്യ ബുക്ക് ഓഫ് റെക്കോഡിന്റെ' അംഗീകാരം. പത്ത് വർഷം മുൻപാണ് ലിസി ആശുപത്രിയിൽ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിൽ വിജയകരമായ രണ്ടാം ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ഗിരീഷ്കുമാർ വിധേയനായത്. ഒരു വ്യക്തിയിൽ തന്നെ രണ്ടാമതും ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തിയത് ഇന്ത്യൻ വൈദ്യശാസ്ത്രചരിത്രത്തിലെ തന്നെ ആദ്യ സംഭവമായിരുന്നു. അതിനാണ് 'ഇന്ത്യ ബുക്ക് ഓഫ് റെക്കോഡിന്റെ' അംഗീകാരം ലഭിച്ചത്.

ഡൽഹിയിൽ നിന്നെത്തിയ പ്രതിനിധിയിൽ നിന്നും ഗിരീഷ് അവാർഡ് ഏറ്റുവാങ്ങി. രണ്ടാം ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നതിന്റെ പത്താം വാർഷികത്തിലാണ് ഇത് ലഭിച്ചതെന്നുള്ളത് ഇരട്ടി മധുരമായി.ബാംഗ്ലൂർ വിപ്രോയിലെ ഐ.ടി. വിദഗ്ധനായ പാലക്കാട് സ്വദേശി ഗിരീഷ് കുമാർ മുപ്പത്തിയെട്ടാം വയസിലാണ് ആദ്യ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായത്. ഹൃദയം ക്രമാതീതമായി വികസിക്കുന്ന ഡൈലേറ്റഡ് കാർഡിയോ മയോപതി ആയിരുന്നു അസുഖം. ക്രോണിക് ആങ്കിലോസിങ്ങ് സ്പോണ്ടിലോസിസ് എന്ന അസുഖം കൂടി ഉണ്ടായിരുന്ന ഗിരീഷ് അതിന് ശേഷം എടുപ്പെല്ല് (ഹിപ്പ്) മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായി. സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുമ്പോഴാണ് ഹൃദയവാൽവിന് അണുബാധയുണ്ടായതിനെ തുടർന്ന് ലിസി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നത്. ആശുപത്രിയിലായിരിക്കെ



ഹൃദയസ്തംഭനം ഉണ്ടായെങ്കിലും ഡോക്ടർമാരുടെ സമയോചിതമായ ഇടപെടൽ മൂലം ഗിരീഷ് ജീവിതത്തിലേക്ക് മടങ്ങിയെത്തി. തുടർന്ന് ഗിരീഷിനോടും ബന്ധുക്കളോടും വിശദമായി സംസാരിച്ച ഡോക്ടർ വസ്തുതകൾ അവരെ ബോധ്യപ്പെടുത്തി. ഒന്നുകിൽ വാൽവ് മാറ്റിവയ്ക്കുക അല്ലെങ്കിൽ ഹൃദയം മാറ്റിവയ്ക്കുക. വാൽവ് മാറ്റിവെച്ചാൽ വീണ്ടും അണുബാധയുണ്ടാകുവാൻ സാധ്യത ഏറെയാണ്.

പത്തുമണിക്കൂറോളം നീണ്ട ശസ്ത്രക്രിയയിലൂടെയാണ് ഗിരീഷിനെ ജീവിതത്തിലേക്കു തിരികെയെത്തിച്ചത്.ലോകത്തുതന്നെ വളരെ അപൂർവ്വമായി മാത്രം ചെയ്തിട്ടുള്ള ഈ ശസ്ത്രക്രിയ സാങ്കേതികമായി വളരെ വിഷമം പിടിച്ചതായിരുന്നു. ഡോ. ജേക്കബ് എബ്രഹാം, ഡോ. റോണി മാത്യു കടവിൽ, ഡോ. ഭാസ്ക്കർ രംഗനാഥൻ, ഡോ. ജോ ജോസഫ്, ഡോ. ജീവേഷ് ജെ. തോമസ്, ഡോ. പി മുരുകൻ, ഡോ. ജോബ് വിൽസൺ, ഡോ. ഗ്രേസ്മരിയ, ഡോ. ആന്റണി ജോർജ്ജ്, രാജി രമേഷ് എന്നിവർ ശസ്ത്രക്രിയയിലും തുടർചികിത്സയിലും നിർണായകമായ പങ്കുവഹിച്ചു.ഇതിനിടെ വൃക്കയിലെ കല്ല് നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയ്ക്കും ഗിരീഷ് വിധേയനായിരുന്നു.

അങ്ങനെ സാധാരണ മനുഷ്യന് സങ്കൽപ്പിക്കുവാൻ കഴിയാത്ത ശാരീരികമായ ബുദ്ധിമുട്ടുകൾ വന്നപ്പോഴെല്ലാം അതേക്കുറിച്ച് വളരെയധികം പഠനം നടത്തി മനസ്സിലാക്കുകയും അതിനനുസരിച്ച് തീരുമാനങ്ങൾ എടുത്ത് മുന്നോട്ടു പോയി പ്രതിസന്ധികളെ അതിജീവിക്കുകയും ചെയ്ത ജീവിതകഥയാണ് ഗിരീഷിന്റേത്. ഇതിനിടയിൽ ഐ.ടി. വിദഗ്ധനെന്ന നിലയിൽ ജോലി അർപ്പണബോധത്തോടെ തുടരുകയും ചികിത്സയ്ക്കുള്ള സാമ്പത്തിക ചെലവുകൾ സ്വന്തമായി ഗിരീഷ് കണ്ടെത്തുകയും ചെയ്യുന്നുണ്ട്. ഗിരീഷിന്റെ പുതുജീവിതത്തിന്റെ പത്താം വാർഷികം ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ ആഘോഷമാക്കി.

ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർമാരായ ഫാ. ഷനു മുഞ്ഞേലി, ഫാ. ജെറ്റോ തോട്ടുങ്കൽ, ഫാ. ഡേവിസ് പടന്നക്കൽ, ചികിത്സയ്ക്കു നേതൃത്വം നൽകിയ ഡോക്ടർമാർ, സ്റ്റാഫ് അംഗങ്ങൾ എന്നിവരും ചടങ്ങിനെത്തിയിരുന്നു.

# കുട്ടികളിലെയും നവജാതശിശുക്കളിലെയും ശസ്ത്രക്രിയ: ആസ്റ്റർ മിംസിൽ ശിൽപശാല

**കോഴിക്കോട്:** കുട്ടികളിലെയും നവജാതശിശുക്കളിലെയും ശസ്ത്രക്രിയകളെ കുറിച്ച് ആസ്റ്റർ മിംസ് സംഘടിപ്പിച്ച ദേശീയ ശിൽപശാല ശ്രദ്ധേയമായി. ബ്രിട്ടീഷ് അസോസിയേഷൻ ഓഫ് പീഡിയാട്രിക് സർജൻസുമായി ചേർന്നാണ് ഈ വിഷയത്തിൽ രാജ്യത്ത് ആദ്യമായി ഒരു തത്സമയ ശിൽപശാല ഒരുക്കിയത്.

കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമുള്ള 22 വിദഗ്ധ ഡോക്ടർമാർ പങ്കെടുത്തു. ശിശുക്കളിൽ ശസ്ത്രക്രിയകൾ നടത്തുന്നത്തിനുള്ള വൈദ്യഗ്ധ്യം വർധിപ്പിക്കാൻ ഉതകുന്നതായിരുന്നു ശിൽപശാല. തെക്കേഇന്ത്യയിലെ ആശുപത്രികളിൽ കുട്ടികൾക്കും നവജാതശിശുക്കൾക്കും ലഭ്യമാകുന്ന ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർണായക ശ്രമങ്ങളുടെ ഭാഗമായിരുന്നു ഈ ശിൽപശാല. നവജാതശിശുക്കളിൽ നേരിട്ട് ശസ്ത്രക്രിയ നടത്തുന്ന അതേ അനുഭവം തത്സമയം സൃഷ്ടിച്ചുകൊണ്ടാ



ണ് പങ്കെടുത്തവർക്ക് പരിശീലനം നൽകിയത്. തീർത്തും നിയന്ത്രിതമായ അന്തരീക്ഷത്തിൽ, സമാന മാതൃകകൾ ഉപയോഗിച്ച് നടത്തിയ ശസ്ത്രക്രിയ വേറിട്ട അനുഭവമായി.

നവജാതശിശുക്കളുടെ ചികിത്സയ്ക്കിടയിൽ നേരിടേണ്ടി വരുന്ന വെല്ലുവിളികളെ ധൈര്യപൂർവം നേരിടാനുള്ള വൈദഗ്ധ്യം സ്വായത്തമാക്കാൻ ഡോക്ടർമാരെ സഹായിക്കുന്നതായിരുന്നു ഈ പരിശീലനം.വിദഗ്ധഡോക്ടർമാരുടെ മേൽനോട്ടത്തിലായിരുന്നു ശിൽപശാല. യുകെയിൽ നിന്നുള്ള മുതിർന്ന സർജന്മാരായിരുന്നു നേതൃസ്ഥാനത്ത്. യുകെയിലെ യൂണിവേഴ്സിറ്റി ഹോസ്പിറ്റൽസ് ഫൗണ്ടേഷൻ ട്രസ്റ്റിലെ പീഡിയാട്രിക് സർജൻ പ്രൊഫ. വി. കാളിദാസൻ, ഈവലീന ലണ്ടൻ ചിൽഡ്രൻസ് ഹോസ്പിറ്റലിലെ പീഡിയാട്രിക് യൂറോളജിസ്റ്റ് ഡോ. അനു പോൾ, യൂണിവേഴ്സിറ്റി ഹോസ്പിറ്റൽസ് ഓഫ് ലെയ്സസ്റ്ററിലെ പീഡിയാട്രിക് സർജൻ ഡോ. ഹൈതം ദഗാഷ് എന്നിവർ പങ്കെടുത്തവർക്ക് മാർഗനിർദേശങ്ങൾ നൽകി. ആസ്റ്റർ മിംസിലെ പീഡിയാട്രിക്, നിയോനേറ്റൽ സർജറി വിഭാഗം ഡോക്ടർമാരായ ഡോ. എബ്രഹാം മാമ്മൻ, ഡോ. റോഷൻ സ്നേഹിത്, ഡോ. ബിനേഷ് എന്നിവർ ആയിരുന്നു ശില്പശാലയുടെ തദ്ദേശീയ ഫാക്കൽറ്റിയും വിജയത്തിന് പിന്നിലെ കരുത്തും.

# സർവ്വീസ് നീട്ടി കൊച്ചി മെട്രോ; എട്ടിന് മെട്രോ സർവ്വീസ് രാത്രി 11.30 വരെ

### ശനിയാഴ്ച പുലർച്ചെ 4.30 മുതൽ ട്രെയിൻ സർവ്വീസ്

**കൊച്ചി:** ശിവരാത്രിയോടനുബന്ധിച്ച് ആലുവ മണപ്പുറത്ത് ബലിതർപ്പണത്തിന് എത്തുന്നവർക്ക് ഉപകാരപ്രദമാകുന്നതിനായാണ് കൊച്ചി മെട്രോ മാർച്ച് 8,9 തീയതികളിൽ സർവ്വീസ് ദീർഘിപ്പിക്കുന്നത്. ആലുവയിൽ നിന്നും തൃപ്പൂണിത്തുറ ടെർമിനലിൽ നിന്നും മാർച്ച് എട്ട്,വെള്ളിയാഴ്ച്ച രാത്രി 11.30 വരെ ട്രെയിൻ സർവ്വീസ് ഉണ്ടായിരിക്കുന്നതാണ്. രാത്രി 10.30ന് ശേഷം 30 മിനിറ്റ് ഇടവേളകളിലായിരിക്കും സർവ്വീസ്. മാർച്ച് 9ന് പുലർച്ചെ 4.30 മുതൽ കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കും. പുലർച്ചെ 4.30 മുതൽ രാവിലെ 6 മണിവരെ 30 മിനിറ്റ് ഇടവിട്ടാണ് ട്രെയിൻ സർവ്വീസ്. ബലിതർപ്പണത്തിന് എത്തുന്നവർക്ക് മാത്രമല്ല, അന്നേദിവസം നടക്കുന്ന യു.പി.എസ്.സി പരീക്ഷ എഴുതാൻ എത്തുന്നവർക്കും പുതുക്കിയ ട്രെയിൻ സമയക്രമം ഉപകാരപ്പെടുമെന്നാണ് കെഎംആർഎൽ പ്രതീക്ഷിക്കുന്നത്.

# വനിതകൾക്ക് സൗജന്യ നേത്രപരിശോധനയുമായി ഡോ.അഗർവാൾസ് ഐ ഹോസ്പിറ്റൽ

**തിരുവനന്തപുരം:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു ഇന്ത്യയിലെ ഏറ്റവും വലിയ നേത്ര ആശുപത്രികളുടെ ശൃംഖലകളിലൊന്നായ ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ 2024 മാർച്ച് 15 വരെ കേരളത്തിലെ എല്ലാ ബ്രാഞ്ചുകളിലും എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്കായി സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തും . ഗർഭാവസ്ഥ മൂലമുണ്ടാകുന്ന രക്തസമ്മർദം, ആർത്തവവിരാമം, പെരിമെനോപോസ് എന്നിവ മൂലമുണ്ടാകുന്ന കാഴ്ചയിലെ ആരോഗ്യപ്രശ്നങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്കിടയിലെ ഏറ്റവും സാധാരണമായ നേത്രരോഗങ്ങളും വൈകല്യങ്ങളും പരിശോധിക്കുന്നതിന് ആശുപത്രിയിൽ പ്രത്യേക ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സൗജന്യ നേത്രപരിശോധനക്കായി 95949 24101 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യുക.

# സഹൃദയ നബാർഡ് വനിതോത്സവിന് ഇന്നു തുടക്കം

**കൊച്ചി:**എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന പതിനായിരത്തോളം വനിതാ സ്വയംസഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ, നബാർഡ്, കൊച്ചി എഫ്.എം. റേഡിയോ, എറണാകുളം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, തൃപ്പൂണിത്തുറ ഫൊറോനാ പള്ളി എന്നിവരുടെ സഹകരണത്തോടെ അന്തർദേശീയ വനിതാദിനാഘോഷചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന 'വനിതോത്സവിന് ഇന്ന് തുടക്കമാകും.

തൃപ്പൂണിത്തുറ ഫൊറോനാ പള്ളി അങ്കണത്തിൽ രാവിലെ 10 ന് നബാർഡ് സഹൃദയ എക്സിബിഷന്റെ ഉദ്ഘാടനം കെ. ബാബു എം.എൽ.എ നിർവഹിക്കും. 10.30ന് തൃപ്പൂണിത്തുറ നഗരസഭാധ്യക്ഷ രമാ സന്തോഷിന്റെ അധ്യക്ഷതയിൽ ചേരുന്ന വനിതാ സംഗമം ഉമാ തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. എറണാകുളം ജില്ലാ സെഷൻസ് ജഡ്ജ് ജസ്റ്റീസ് ഹണി എം. വർഗീസ് വനിതാദിന സന്ദേശം നൽകും. മെൻസ്ട്രുവൽ കപ്പ് വിതരണ കാംപയിന്റെ ഉദ്ഘാടനം സിനിമാതാരം ഫെമിന ജോർജ് നിർവഹിക്കും. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ അജീഷ് ബാലു, രഞ്ജിത്ത് ആർ കൃഷ്ണൻ എന്നിവർ ചേർന്ന് ആദരിക്കും. തുടർന്ന് കലാപരിപാടികളും വൈകിട്ട് 7 ന് കലാസന്ധ്യയും നടക്കും.8ന് രാവിലെ 9.30 ന് നടത്തുന്ന വനിതാദിനറാലി നഗരസഭാ ചെയർപേഴ്സൺ രമാ സന്തോഷ് ഫ്ളാഗ് ഓഫ് ചെയ്യും. ഫാ. ജോസ് കൊളുത്തുവെള്ളിൽ, പാപ്പച്ചൻ തെക്കേക്കര, ഷൈജി സുരേഷ് എന്നിവർ സംസാരിക്കും. തുടർന്നു നടത്തുന്ന നിയമസഹായ അദാലത്ത്, സെമിനാർ എന്നിവയിൽ അഡ്വക്കേറ്റ് ഫെറ, സുനിൽ സെബാസ്റ്റ്യൻ, ഷേർലി അവറാച്ചൻ എന്നിവർ സംസാരിക്കും. 11.30 ന് പ്രമേഹരോഗത്തെക്കുറിച്ചുള്ള ബോധവത്കരണ സെമിനാറിനും സൗജന്യ മെഡിക്കൽ ക്യാമ്പിനും ഡോ. ജോണി കണ്ണമ്പിള്ളി നേതൃത്വം നൽകും.ഉച്ച കഴിഞ്ഞ് 2 ന് മെൻസ്ട്രുവൽ കപ്പുകളുടെ ആരോഗ്യകരമായ ഉപയോഗത്തെക്കുറിച്ചുള്ള സെമിനാർ ഡോക്ടർ അഖിൽ, സെലിൻ പി.വി. എന്നിവർ നയിക്കും. വൈകിട്ട് 7 ന് കലാസന്ധ്യ.

9 ന് രാവിലെ 10 ന് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാംപിന് സിസ്റ്റർ ഡോ. ആൻജോ നേതൃത്വം നൽകും. 11ന് തൃപ്പൂണിത്തുറ ആർ.സി.എം. കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ നേത്ര പരിശോധനാ ക്യാമ്പ് നടക്കും. വൈകിട്ട് 7 ന് കലാസന്ധ്യ.വനിതോത്സവിനോടനുബന്ധിച്ച് നാടൻ കാർഷിക, ഭക്ഷ്യ വിഭവങ്ങൾ, മാലിന്യ സംസ്കരണ, ജല ഊർജ സംരക്ഷണ ഉപാധികൾ, വനിതാ സംരംഭകരുടെ ഉത്പന്നങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ എക്സിബിഷനും നടത്തുന്നതാണെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു

# ബോൾട്ടിന്റെ പുതിയ ടിഡബിൾയുഎസ് സെഡ്40 അൾട്രാ ഇയർബഡ് പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിൽ അതിവേഗം വളരുന്ന വെയറബിൾ ടെക് ബ്രാൻഡായ ബോൾട്ട് ഇന്ത്യയിൽ നിർമ്മിച്ച ഏറ്റവും നൂതനമായ ട്രൂ വയർലെസ് സ്റ്റീരിയോ സെഡ്40 അൾട്രാ പുറത്തിറക്കി.




അതിവേഗ ചാർജിംഗ്, മികച്ച ശബ്ദ നിലവാരം, തടസ്സമില്ലാത്ത ടച്ച് നിയന്ത്രണങ്ങൾ തുടങ്ങി ഇന്നത്തെ സാങ്കേതിക വിദഗ്ദ്ധരായ ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് എഐ അധിഷ്ഠിതമായ ബോൾട്ട് ടിഡബിൾയുഎസ് സെഡ്40 അൾട്രാ പുറത്തിറക്കിയിരിക്കുന്നതെന്ന് ബോൾട്ടിന്റെ സഹസ്ഥാപകനും സിഇഒയുമായ വരുൺ ഗുപ്ത പറഞ്ഞു.പ്രാരംഭ വിലയായ 1999 രൂപയ്ക്ക് ബോൾട്ട് സെഡ്40 അൾട്രാ ഇപ്പോൾ ബോൾട്ട്, ഫ് ളിപ്കാർട്ട്, ആമസോൺ വെബ്സൈറ്റുകളിൽ ലഭ്യമാണ്.32 റആ ആക്ടീവ് നോയ്സ് റിഡക്ഷൻ, 100 മണിക്കൂർ പ്ലേടൈം, ഡ്യുവൽഡിവൈസ് കണക്റ്റിവിറ്റി, സോണിക് കോർ ഡൈനാമിക്സ് തുടങ്ങിയ ഇൻഡസ്ട്രിയിലെ പ്രമുഖ ഫീച്ചറുകളോടൊപ്പം, കാര്യക്ഷമമായ വൈദ്യുതി ഉപയോഗത്തിനും മികച്ച നോയ്സ് ക്യാൻസലേഷനും എഐ അധിഷ്ഠിത ഇന്റലിജന്റ് വോയ്സ് പ്രോസസ്സിംഗ് ഉൾക്കൊള്ളുന്ന സെഡ്40അൾട്രാ സമാനതകളില്ലാത്ത ഒരു ഓഡിയോ അനുഭവം നൽകുന്നു.

മറ്റൊരു എഐ സവിശേഷതയായ പ്രിസം വോയ്സ് പിഎൽസി ലാഗ് ചെയ്യാത്ത സംഭാഷണങ്ങൾ, ഇമ്മേഴ്സീവ് ഗെയിമിംഗ് കമ്മ്യൂണിക്കേഷൻ, തടസ്സമില്ലാത്ത വെർച്ചൽ മീറ്റിംഗുകൾക്കായി മെച്ചപ്പെടുത്തിയ കോൾ നിലവാരം എന്നിവ ഉറപ്പാക്കുന്നു. ബോൾട്ട് സെഡ്40 അൾട്രാ മറ്റൊരു ടിഡബിൾയുഎസ് ഇയർബഡ് അല്ല; പകരം നിങ്ങളുടെ ഓഡിയോ, സ്റ്റയിൽ, ഗെയിമിങ് കഴിവുകളെ ഉത്തേജിപ്പിക്കുവാൻ സഹായിക്കുന്ന ഒന്നാണ്. ഈ ഉൽപ്പന്നം നവീകരണത്തോടുള്ള ഞങ്ങളുടെ അചഞ്ചലമായ സമർപ്പണത്തിന്റെ പ്രകടനമായി വർത്തിക്കുന്നു, തന്മൂലം ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ഏറ്റവും ഉയർന്ന നിലവാരം ലഭ്യമാക്കുന്നു. വ്യക്തിഗതമാക്കിയ ഉപകരണങ്ങളുടെ നിലവിലെ ഡിമാൻഡിനനുസരിച്ച്, തടസ്സമില്ലാത്ത ഓഡിയോ അനുഭവം ഉറപ്പാക്കുന്നതിനായി സെഡ്40 അൾട്രാ അത്യാധുനിക എഐ ഓഡിയോ സാങ്കേതികവിദ്യ ഉൾക്കൊള്ളുന്നുവെന്നും വരുൺ ഗുപ്ത പറഞ്ഞു.മിനുസമാർന്ന രൂപത്തിന് മെറ്റാലിക് റിമ്മോടുകൂടിയ പ്രീമിയം ഫിനിഷാണ് ടിഡബിൾയുഎസ് അവതരിപ്പിക്കുന്നത്. കറുപ്പ്, മെറ്റാലിക്, ബീജ് എന്നീ മൂന്ന് നിറങ്ങളിൽ ഇത് ലഭ്യമാകും. ഇമ്മേഴ്സീവ് ഗെയിമിംഗ് അനുഭവത്തിനായി മത്സരാധിഷ്ഠിതമായി വളരെ കുറഞ്ഞ 45 എംഎസ് ലേറ്റൻസി വാഗ്ദാനം ചെയ്യുന്നതിനായി ടിഡബ്ല്യുഎസ് കോംബാറ്റ് ഗെയിമിംഗ് മോഡിനൊപ്പമാണ് വരുന്നത്.

ഉപയോക്താക്കൾക്ക് ബ്ലിങ്ക് & പെയർ സാങ്കേതികവിദ്യ ഉപയോഗിച്ച് മിന്നൽ വേഗത്തിലുള്ള പെയറിങ്ങും ആസ്വദിക്കാനാകും കൂടാതെ എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ടച്ച് നിയന്ത്രണങ്ങൾ ഉപയോഗിച്ച് അവരുടെ ഓഡിയോയും കോളുകളും തടസ്സമില്ലാതെ നിയന്ത്രിക്കുന്നു. ഏതു സാഹചര്യത്തിലും ഗെയിമിംഗും വർക്ക്ഔട്ട് സെഷനും കൈകാര്യം ചെയ്യാൻ സാധിക്കുന്ന സെഡ്40 അൾട്രാ ഐപിഎക്സ് വാട്ടർ റെസിസ്റ്റന്റ് കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.

# ഫെയർ ഫ്യൂച്ചർ കോഴിക്കോട് ബ്രാഞ്ച് തുറന്നു

**കോഴിക്കോട്:** ഫെയർ ഫ്യുച്ചർ ഓവർസീസ് എഡ്യൂക്കേഷൻ കൺസൾട്ടൻസി കോഴിക്കോട് പുതിയ ബ്രാഞ്ച് തുടങ്ങി. മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ എം.വി ശ്രേയാംസ് കുമാറിന്റെ സാന്നിധ്യത്തിലാണ് പുതിയ ബ്രാഞ്ച് പ്രവർത്തനം ആരംഭിച്ചത്. കൊച്ചിക്കും തിരുവനന്തപുരത്തിനു പിന്നാലെ കേരളത്തിലെ മൂന്നാമത് ബ്രാഞ്ച് ആണിത്. കോഴിക്കോട് ചെറൂട്ടി റോഡിലെ മാതൃഭൂമി എം എം പ്രസിലെ മൂന്നാം നിലയിലാണ് ബ്രാഞ്ച് പ്രവർത്തിക്കുന്നത്.വിദ്യാഭ്യാസ രംഗത്ത ശോഭനമായ ഭാവി ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് വിദഗ്ദ്ധ മാർഗനിർദേശവും ശരിയായ പിന്തുണയും നല്കാൻ ഫെയർ ഫ്യുച്ചർ പ്രതിജ്ഞാബദ്ധമാണെന്ന് മാനേജിംഗ് ഡയറക്ടർ ഡോ.എസ് രാജ് പറഞ്ഞു. കഴിഞ്ഞ 19 വർഷമായി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ കൺസൾട്ടൻസി സേവനങ്ങൾ നൽകുന്ന ഫെയർ ഫ്യുച്ചറിന്റെ വളർച്ചയുടെ സുപ്രധാന ഘട്ടമാണ് പുതിയ ബ്രാഞ്ച് ഉദ്ഘാടനം. അന്താരാഷ്ട്ര വിദ്യാഭ്യാസ അവസരങ്ങൾ നേടാൻ വിദ്യാർത്ഥികളെ സുഗമമാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ ഫെയർ ഫ്യൂച്ചർ, വിദേശത്ത് പഠിക്കുന്നതിന്റെ സങ്കീർണതകൾ അനായാസം മറികടക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് വ്യക്തിഗത പിന്തുണയ്ക്കും മാർഗ്ഗനിർദ്ദേശത്തിനും മുൻഗണന നൽകുന്നു.



## ഏഷ്യൻ പെയിന്റ്സിന്റെ 'ബ്യൂട്ടിഫുൾ ഹോംസ്' സ്റ്റോർ കോഴിക്കോട്



**കൊച്ചി:** ഇന്ത്യയിലെ മുൻനിര പെയിന്റ് ആൻഡ് ഡെക്കോർ കമ്പനിയായ ഏഷ്യൻ പെയിന്റ്സ് അതിന്റെ ആദ്യ പ്രീമിയം മൾട്ടികാറ്റഗറി അലങ്കാര ഷോറൂമായ 'ബ്യൂട്ടിഫുൾ ഹോംസ്' കോഴിക്കോട് ആരംഭിച്ചു. വിപി കോംപ്ലക്സിൽ ഹൈലാൻഡിൽ സ്ഥിതി ചെയ്യുന്ന പുതിയ ഏഷ്യൻ പെയിന്റ്സ് ബ്യൂട്ടിഫുൾ ഹോംസ് സ്റ്റോർ ഏഷ്യൻ പെയിന്റ്സ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അമിത് സിംഗലെ ഉദ്ഘാടനം ചെയ്തു.മൂന്ന് നിലകളിലായി 5,250 ചതുരശ്ര അടിയിൽ പരന്നുകിടക്കുന്ന കോഴിക്കോട്ടെ ബ്യൂട്ടിഫുൾ ഹോംസ് സ്റ്റോർ, ഫർണിച്ചർ, ബാത്ത്, ലൈറ്റുകൾ, സോഫ്റ്റ് ഫർണിഷിങ്, പരവതാനികൾ, മോഡുലാർ അടുക്കളകൾ, വാർഡ്രോബുകൾ, കിടക്കകൾ, സുരക്ഷിതമായ പെയിന്റിംഗ് സേവനങ്ങൾ തുടങ്ങി എല്ലാ ഹോം വിഭാഗങ്ങളിലുമുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു 'ഫിജിറ്റൽ' (ഫിസിക്കൽ + ഡിജിറ്റൽ) അനുഭവം നൽകുന്ന ഏകജാലക സ്ഥാപനമാണ്. സന്ദർശകർക്ക് വൈറ്റ് ടീക്കിൽ നിന്നുള്ള വിശിഷ്ടമായ അലങ്കാര ലൈറ്റിംഗ് ശേഖരവും വെതർസീലിന്റെ യുപിവിസി ജാലകങ്ങളുടെയും വാതിലുകളുടെയും വിശാലമായ ശ്രേണിയും മനസിലാക്കാം.

## വിദ്യാർഥിനികൾക്ക് ആമസോൺ ഫ്യൂച്ചർ എൻജിനീയർ അവാർഡ്സ് സ്കോളർഷിപ്പ്

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തിനു മുന്നോടിയായി ഇന്ത്യയിലെ ആമസോൺ ഫ്യൂച്ചർ എൻജിനീയർ സ്കോളർഷിപ്പ് പ്രോഗ്രാമിനു കീഴിൽ 500 വിദ്യാർഥിനികൾക്ക് സ്കോളർഷിപ്പുമായി ആമസോൺ ഇന്ത്യ. സാങ്കേതിക വിദ്യയിൽ കരിയർ തുടരാൻ ആഗ്രഹിക്കുന്നവർക്ക് ഒട്ടേറെ അവസരങ്ങൾ തുറക്കുന്നതാണ് ഈ സ്കോളർഷിപ്പ്. സാങ്കേതിക വ്യവസായത്തിൽ ഏറെ വൈവിധ്യവും പ്രോത്സാഹനവും ഉൾപ്പെടുത്തുന്നതിനും അടുത്ത തലമുറയിലെ വനിതാ നേതാക്കളെ ശാക്തീകരിക്കുന്നതിനുമുള്ള ആമസോണിൻറെ പ്രതിബദ്ധത അടിവരയിടുന്നതാണ് ഈ സംരംഭമെന്ന് ആമസോൺ ഇന്ത്യ, ആമസോൺ ഫ്യൂച്ചർ എൻജിനീയർ ലീഡ് അക്ഷയ് കശ്യപ് പറഞ്ഞു.പ്രോഗ്രാമിൻറെ വിജയത്തെ അടിസ്ഥാനമാക്കി കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ അനുബന്ധ പഠന മേഖലകളിലെ കോഴ്സുകൾക്ക് വിദ്യാർഥിനികൾക്ക് 50,000 രൂപ പ്രതിവർഷം ലഭിക്കും. സാമ്പത്തിക സഹായത്തോടൊപ്പം സാങ്കേതിക വിദ്യയിലെ ഭാവി വനിതാ നേതാക്കൾക്ക് സാങ്കേതിക മേഖലയിൽ വിജയകരമായ കരിയർ കെട്ടിപ്പെടുത്തുന്നതിന് ആമസോൺ ജീവനക്കാരുടെ മെൻറർഷിപ്പും വിപുലമായ വ്യക്തിഗത കോഡിംഗ് ബൂട്ട് ക്യാമ്പുകളും ലഭിക്കും. ബൂട്ട് ക്യാമ്പുകളിലും വെബിനാറുകളിലും മറ്റും വിദ്യാർഥികൾക്ക് തടസമില്ലാത്ത പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഈ വർഷം മുതൽ വിദ്യാർഥികൾക്ക് വ്യക്തിഗത ലാപ്ടോപ്പുകൾ നൽകുന്നതാണ്.അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുമ്പോൾ, കഴിവും അവസരവും തമ്മിലുള്ള വിടവ് നികത്താനുള്ള ആമസോണിൻറെ സമർപ്പണം ഉറപ്പാക്കുന്നതിൽ തങ്ങൾ അഭിമാനിക്കുന്നു. നമുക്കെല്ലാവർക്കും ഒരു മികച്ച ലോകം കെട്ടിപ്പെടുക്കാൻ സാങ്കേതിക വിദ്യയിൽ അടുത്ത തലമുറയിലെ വനിതാ നേതാക്കൾക്കായി നിക്ഷേപം നടത്തുകയാണ് ആമസോൺ ഫ്യൂച്ചർ എൻജിനീയർ ഇൻറേൺ പ്രോഗ്രാമിലൂടെയെന്ന് അക്ഷയ് കശ്യപ് പറഞ്ഞു.

## വനിതാദിനത്തിൽ വൺ പ്ലസ് വൺ ഓഫറുമായി വണ്ടർലാ

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8ന് എൻട്രി ടിക്കറ്റുകൾക്ക് വൺ പ്ലസ് വൺ ഓഫറുമായി വണ്ടർല. സ്ത്രീകൾക്ക് മാത്രമായാണ് ഈ ഓഫർ. അന്നേ ദിവസം 10 വയസ്സിന് മുകളിലുള്ള പുരുഷ സന്ദർശകരെ പാർക്കിൽ അനുവദിക്കില്ല. ഓഫർ ഓൺലൈൻ ബുക്കിംഗിൽ ലഭ്യമാണ്. വണ്ടർല ബസ് സ്റ്റോപ്പിൽ നിന്ന് സ്ത്രീകൾക്ക് പാർക്കിലേക്ക് സൗജന്യ പിക്കപ്പും ഡ്രോപ്പും വണ്ടർല നൽകുന്നുണ്ട്. 1609/ രൂപയാണ് എൻട്രി ടിക്കറ്റിന്റെ വില. അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുന്നത് എല്ലാ സ്ത്രീകൾക്കും തുല്യതയുടെ ഭാവി വിഭാവനം ചെയ്യാനുമുള്ള നിമിഷമാണെന്ന് വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു. അമ്യൂസ്മെന്റ് പാർക്കുകളുടെ ആവേശം ഉൾക്കൊള്ളാനും അവരുടെ പ്രത്യേക ദിനം ഞങ്ങളോടൊപ്പം ആഘോഷിക്കാനും ഈ ഓഫർ കൂടുതൽ സ്ത്രീകളെ പ്രചോദിപ്പിക്കുമെന്ന് വിശ്വസിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഗ്യാലക്സി എഫ്15 5ജിയുമായി സാംസങ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ ഗ്യാലക്സി എഫ്15 5ജി മോഡൽ പുറത്തിറക്കുന്നു. മുൻ മോഡലുകളിൽ നിന്നും വ്യത്യസ്തമായി ഒട്ടേറെ സെഗ്മന്റ് ഒൺലി ഫീച്ചറുകളുമായി ഉപഭോക്താക്കൾക്ക് ഏറ്റവും മികവുറ്റ സ്മാർട് ഫോൺ അനുഭവമാണ് ഗ്യാലക്സി എഫ്15 5ജിയിലൂടെ സാംസങ് വാഗ്ദാനം ചെയ്യുന്നത്.

സെഗ്മന്റിലെ ഏറ്റവും മികച്ച 6000 എംഎച്ച് ബാറ്ററി, എസ്അമോൾഡ് ഡിസ്പ്ലേ, ആൻഡ്രോയ്ഡ് അപ്ഡേറ്റുകളുടെ 4 ജനറേഷനുകൾ, വരും വർഷങ്ങളിലും ഏറ്റവും പുതിയ അപ്ഡേറ്റുകളും മികവുറ്റ സുരക്ഷയും ഉറപ്പാക്കുന്നതിനായി 5 വർഷത്തെ സെക്യൂരിറ്റി അപ്ഡേറ്റുകൾ തുടങ്ങിയ ഫീച്ചറുകൾ ഗ്യാലക്സി എഫ്15 5ജിയെ സവിശേഷമാക്കുന്നുവെന്ന് ഗ്യാലക്സി എഫ്15 5ജി യുടെ ലോഞ്ച് സാംസങ് ഇന്ത്യ എംഎക്സ് ബിസിനസ് വൈസ് പ്രസിഡന്റ് ആദിത്യ ബാബർ പറഞ്ഞു. 2024ലെ ഞങ്ങളുടെ ആദ്യ എഫ് സീരീസ് മോഡലായ ഗ്യാലക്സി എഫ്15 5ജിയിലൂടെ ശക്തമായ ഡിവൈസുകളിലൂടെ ഉപഭോക്താക്കളെയും ശാക്തീകരിക്കുവാനുള്ള ഞങ്ങളുടെ പ്രതിബന്ധത വീണ്ടും ഉറപ്പിക്കുകയാണ്. ഉപഭോക്താക്കൾക്ക് പൂർണതോതിൽ തങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്ന തരത്തിൽ അർത്ഥപൂർണ്ണമായി നൂതന കണ്ടെത്തലുകളിലേക്കുള്ള തളുടെ സമർപ്പണത്തെ സാധൂകരിക്കുന്നതാണെന്ന് ആദിത്യ ബാബർ പറഞ്ഞു. ആഷ് ബ്ലാക്ക്, ഗ്രൂവി വയലറ്റ്, ജാസി ഗ്രീൻ എന്നീ മനോഹര നിറങ്ങളിൽ ഗ്യാലക്സി എഫ്15 5ജി ലഭ്യമാകും. 4ജിബി+128 ജിബി, 6ജിബി+128 ജിബി എന്നീ വേരിയന്റുകളിലാണ് മോഡൽ പുറത്തിറക്കുന്നത്. ഫ്ലിപ്പ്കാർട്ട്, സാംസങ്.കോം എന്നീ സൈറ്റുകളിലും മാർച്ച് 11 മുതൽ തെരഞ്ഞെടുത്ത റീട്ടെയിൽ സ്റ്റോറുകളിലും ഗ്യാലക്സി എഫ്15 5ജി ലഭിക്കും. ഗാലക്സി എഫ് 15 5 ജി യുടെ ആദ്യ വിൽപ്പന ഫ്ലിപ്പ്കാർട്ടിൽ ഇന്ന് മാർച്ച് 4 വൈകുന്നേരം 7 മണിക്ക് ആരംഭിക്കും. ആദ്യ വിൽപ്പനയിൽ ഏമഹമ്യ എ15 5ഏ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 1299 രൂപ വിലയുള്ള സാംസങ് ട്രാവൽ അഡാപ്റ്റർ 299 രൂപയ്ക്ക് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.




# വെബ്സൈറ്റിൽ ജനറേറ്റീവ് എഐ സെർച്ച്;നേട്ടം സ്വന്തമാക്കി ഫെഡറൽ ബാങ്ക്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനും സേവനങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനുമായി വെബ്സൈറ്റിൽ ജനറേറ്റീവ് എഐ സംവിധാനം അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്. ഗൂഗ്ൾ ജനറേറ്റീവ് എഐ പ്ലാറ്റ്ഫോമിലാണ് പുതിയ സെർച്ച് സംവിധാനം പ്രവർത്തിക്കുന്നത്. ഉപയോക്താക്കൾക്ക് കൃത്യമായ റിസൽട്ട് ലഭിക്കുന്നു എന്നതു കൂടാതെ വോയ്സ് സെർച്ച്, ടെക്സ്റ്റ്റ്റു സ്പീച്ച് തുടങ്ങിയ സൗകര്യങ്ങളുമുള്ളതിനാൽ ആർക്കും വളരെ ലളിതമായി പുതിയ സംവിധാനം ഉപയോഗിക്കാമെന്ന് ബാങ്കിന്റെ ചീഫ് മാർക്കറ്റിങ് ഓഫീസർ എം വി എസ് മൂർത്തി പറഞ്ഞു.

ഇടപാടുകാരുമായുള്ള ആശയവിനിമയം, ബാങ്കിന്റെ പരസ്യങ്ങൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി എഐ സാങ്കേതികവിദ്യയുടെ സാധ്യതകൾ ഫെഡറൽ ബാങ്ക് പ്രയോജനപ്പെടുത്തുന്നുണ്ട്. വളർന്നുവരുന്ന ബിസിനസ്സും കാര്യക്ഷമതയും പുതിയ സാങ്കേതിക വിദ്യകളെ മനസ്സിലാക്കാനും ഉപയോഗിക്കാനും അവ നടപ്പിലാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കാനും ആവശ്യപ്പെടുന്നു. ഗൂഗ്ൾ ജനറേറ്റീവ് എഐ പ്ലാറ്റ്ഫോം ഉപയോഗിച്ചുള്ള സെർച്ച് സേവനം വെബ്സൈറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയിലെ ആദ്യ ബാങ്കായതിനൊപ്പം ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്താനുള്ള കൂടുതൽ നൂതനമായ ആശയങ്ങൾ നടപ്പിലാക്കാനും ബാങ്ക് പരിശ്രമിക്കുന്നതാണെന്നും എം വി എസ് മൂർത്തി പറഞ്ഞു.




# കോട്ടയത്ത് അസറ്റ് ഹോംസ് ഭവന പദ്ധതി

**കോട്ടയം:** കോട്ടയം കഞ്ഞിക്കുഴിയിൽ അസറ്റ് ഹോംസിന്റെ 109ാമത്തെ ആഢംബര ഭവനപദ്ധതിയായ അസറ്റ് സെറിനിറ്റിയുടെ ശിലാസ്ഥാപനം കൗൺസിലർ ജൂലിയസ് ചാക്കോ, അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി, അംബികാ കൺസ്ട്രക്ഷൻസ് ഭാരവാഹി ജോസഫ് സൈമൺ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. 2, 3 അപ്പാർട്ടുമെന്റുകളടങ്ങിയ അസറ്റ് സെറിനിറ്റി എക്സോട്ടിക്ക വിഭാ?ഗത്തിൽപ്പെടുന്ന ഭവനപദ്ധതിയാണ്. ഈ ചടങ്ങിൽ വച്ച് അസറ്റ് സെറിനിറ്റിയുടെ ബ്രോഷർ പ്രകാശനം സുനിൽ കുമാർ വി, അപ്പാർട്ട്മെന്റ് ഉപഭോക്താക്കളായ ജോർജ്ജ് കണക്കാട്ടു വർക്കി, സൂസൻ ജോർജ്ജ് എന്നിവർക്കു നൽകി നിർവ്വഹിച്ചു. അസറ്റ് ഹോംസ് സിഇഒ ടോണി ജോൺ, അസറ്റ് ഹോംസ് കോട്ടയം ബ്രാഞ്ച് ഹെഡ് ക്ലിന്റ് ജെ ഇലഞ്ഞിക്കൽ തുടങ്ങിയവർ സംസാരിച്ചു.

# വിമൻസ് ഡേ ഗിഫ്റ്റിംഗ് സ്റ്റോറുമായി ആമസോൺ ബിസിനസ്

**കൊച്ചി:** മാർച്ച് 8ന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ എല്ലാ വനിതാ ജീവനക്കാർക്കും ഗിഫ്റ്റ് നൽകുവാനും ആഘോഷമാക്കുവാനുമായി വിമൻസ് ഡേ ഗിഫ്റ്റിംഗ് സ്റ്റോറുമായി ആമസോൺ ബിസിനസ്സ്. വനിതാ ജീവനക്കാരുടെ പ്രയത്നങ്ങളെ സവിശേഷമാക്കാൻ വിമൻസ് ഡേ ഗിഫ്റ്റിംഗ് സ്റ്റോർ ഫ്രണ്ട് സന്ദർശിച്ച് സമ്മാനങ്ങൾ മികച്ച നിരക്കിൽ മൊത്തമായി വാങ്ങാൻ സഹായിക്കുന്നു. ഗിഫ്റ്റിംഗ് സ്റ്റോർ ഫ്രണ്ടിൽ 199 രൂപയിൽ തുടങ്ങുന്ന ഓപ്ഷനുകൾ ലഭ്യമാണ്. ഉപഭോക്താക്കൾക്ക് ഗ്രോസറി, ഹാംപേഴ്സ് ഗൗരമെറ്റ് ഗിഫ്റ്റുകൾ, പേഴ്സണൽ കെയർ, ഇലക്ട്രോണിക്സ് ആൻഡ് ആക്സസറീസ്, ഹോം ആൻറ് കിച്ചൻ അപ്ലയൻസസ്, ഫർണിഷിംഗ് ആൻറ് ഡെക്കർ മൊത്തമായി വാങ്ങാം.

